File No.CT/15318/2019-P2

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ്ടവർ ,കരമന
കിള്ളിപ്പാലം, തിരുവനന്തപുരം
തീയതി :17-12-2022

## പത്രക്കുറിപ്പ്

## ലക്കി ബിൽ മൊബൈൽ ആപ്പ് ഇനി ബിൽ ലോക്കറായും പ്രവർത്തിക്കും.

തിരുവനന്തപുരം : സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ലക്കി ബിൽ മൊബൈൽ ആപ്പ് ഇനി ബിൽ ലോക്കറായും പ്രവർത്തിക്കും. ലക്കി ബിൽ ബമ്പർ, പ്രതിമാസ നറുക്കെടുപ്പ് വിജയികൾക്ക് സമ്മാനം കൈമാറുന്നതിനായി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച ചടങ്ങിലാണ് സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ ലക്കി ബിൽ മൊബൈൽ ആപ്പിന്റെ പുതിയ ഫീച്ചർ അവതരിപ്പിച്ചത്. ബിൽ ലോക്കർ സൗകര്യം ലഭ്യമാകുന്നതോടെ ഇനി വാറണ്ടി അടക്കമുള്ള സേവനങ്ങൾക്ക് ആവശ്യമായ ബില്ലുകൾ ഉപയോക്താക്കൾക്ക് ലക്കി ബിൽ ആപ്പിൽ തന്നെ ഡിജിറ്റലായി സൂക്ഷിക്കാം. ആപ്പിൽ അപ്‌ലോഡ് ചെയ്യുന്ന എല്ലാ ബില്ലുകളും പിന്നീട് ആവശ്യാനുസരണം ഉപയോക്താക്കൾക്ക് ഡൗൺ ലോഡ് ചെയ്യാൻ സാധിക്കും.

ലക്കിബിൽ നറുക്കെടുപ്പ് കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി പ്രതിദിന, പ്രതിവാര , പ്രതിമാസ നറുക്കെടുപ്പ് ജില്ലകളിൽ വെച്ച് നടത്തുന്ന പദ്ധതിയും, കൂടുതൽ ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്ന ഉപയോക്താക്കൾക്കുള്ള പ്രത്യേക സമ്മാന പദ്ധതിയും മൊബൈൽ ആപ്പ് പ്രചരിപ്പിക്കുന്നതിനുള്ള റഫറൽ കോഡ് സംവിധാനവും അടക്കമുള്ള മാറ്റങ്ങൾ ധനകാര്യ മന്ത്രി ചടങ്ങിൽ അവതരിപ്പിച്ചു.

സ്ഥിരമായി ബില്ലുകൾ അപ്‌ലോഡ് ചെയ്യുകയും എന്നാൽ ഇതുവരെ നറുക്കെടുപ്പിൽ സമ്മാനം ലഭിക്കാത്തവർക്കുമാണ് പുതിയ സമ്മാന മാനദണ്ഡപ്രകാരം സമ്മാനം ലഭിക്കുക. ആദ്യ നൂറ് ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്ന 500 പേർക്ക് 1,000/- രൂപയുടെ ഗിഫ്റ്റ് പാക്കറ്റുകൾ സമ്മാനമായി ലഭിക്കും. ആദ്യ 250 ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്ന 100 പേർക്ക് KTDC യുടെ 10,000/- രൂപ വില വരുന്ന ഫാമിലി പാക്കേജ് സമ്മാനമായി ലഭിക്കും. ആയിരത്തിന് മുകളിൽ ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്ന ഉപയോക്താക്കൾക്കിടയിൽ നിന്ന് നറുക്കെടുപ്പിലൂടെ 10 പേർക്ക് 1 ലക്ഷം രൂപ വീതം സമ്മാനം ലഭിക്കും.

ഓണം ബമ്പർ സമ്മാനമായ 25 ലക്ഷം രൂപ കോട്ടയം ജില്ലയിലെ മേലുകാവ്മറ്റം കീഴൂമൂലയിൽ ഹൗസിൽ ബീന.എം. ജോസഫിനും, സെപ്റ്റംബർ മാസത്തെ പ്രതിമാസ നറുക്കെടുപ്പിലെ ഒന്നാം സമ്മാനമായ 10 ലക്ഷം രൂപ ആലപ്പുഴ ജില്ലയിലെ പഴവീട് മന്നം ക്വാർട്ടേഴ്സിൽ സുനിതാ ശേഖറിനും , മറ്റ് പ്രതിമാസ വിജയികളായവർക്കുള്ള സമ്മാനങ്ങളും ചടങ്ങിൽ മന്ത്രി കൈമാറി. സമ്മാനാർഹമായ ബില്ലുകൾ നൽകിയ വ്യാപാര സ്ഥാപനങ്ങളുടെ പ്രതിനിധികളേയും ചടങ്ങിൽ ആദരിച്ചു.

പൊതുജനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ബില്ലുകളാണ് ലക്കിബിൽ ആപ്പിൽ അപ്‌ലോഡ് ചെയ്യേണ്ടത്. ഇങ്ങനെ അപ്‌ലോഡ് ചെയ്യപ്പെടുന്ന ബില്ലുകളിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് സമ്മാനങ്ങൾ നൽകുന്നത്. 2022-23 സാമ്പത്തിക വർഷം മാത്രം അഞ്ച് കോടി രൂപയുടെ സമ്മാനങ്ങളാണ് പ്രതിദിന, പ്രതിവാര, പ്രതിമാസ , ബമ്പർ നറുക്കെടുപ്പിലൂടെ നൽകുന്നത്.

ചടങ്ങിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ അദ്ധ്യക്ഷയായിരുന്നു. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സ്പെഷ്യൽ കമ്മീഷണർ ഡോ. എസ് . കാർത്തികേയൻ ഐ.എ.എസ്, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് രാജു അപ്സര, എന്നിവർ സംസാരിച്ചു. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ അജിത് പാട്ടിൽ ഐ.എ.എസ് സ്വാഗതവും, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അഡീഷണൽ കമ്മീഷണർ എ.സറഫ് നന്ദിയും പറഞ്ഞു.

# ലക്കി ബിൽ ക്രിസ്തുമസ് പുതുവത്സര ബമ്പർ നറുക്കെടുപ്പ് ഫെബ്രുവരി 10 ന്

തിരുവനന്തപുരം : സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ലക്കി ബിൽ മൊബൈൽ ആപ്പിന്റെ ക്രിസ്തുമസ് പുതുവത്സര ബമ്പർ നറുക്കെടുപ്പ് ഫെബ്രുവരി 10 ന് നടക്കും. പ്രതിമാസ, ഓണം ബമ്പർ നറുക്കെടുപ്പ് വിജയികളെ അനുമോദിക്കാൻ തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാലാണ് ക്രിസ്തുമസ് പുതുവത്സര ബമ്പർ നറുക്കെടുപ്പ് തീയതി പ്രഖ്യാപിച്ചത്.

SD/-
**COMMISSIONER**

## PIC -1 , PIC-2

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ലക്കി ബിൽ ആപ്പിൽ ഏർപ്പെടുത്തിയ പുതിയ ഫീച്ചറിന്റെ ഉദ്ഘാടനം സംസ്ഥാന ധനമന്ത്രി കെ .എൻ . ബാലഗോപാൽ നിർവ്വഹിക്കുന്നു .

## PIC- 3

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ലക്കി ബിൽ ആപ്പിന്റെ ഓണം ബമ്പർ സമ്മാനമായ 25 ലക്ഷം രൂപ ബീന .എം . ജോസഫിന് സംസ്ഥാന ധനമന്ത്രി കെ .എൻ .ബാലഗോപാൽ കൈമാറുന്നു .

## PIC-4

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ലക്കി ബിൽ ആപ്പിന്റെ സെപ്റ്റംബർ മാസത്തെ പ്രതിമാസ ഒന്നാം സമ്മാനമായ 10 ലക്ഷം രൂപ സുനിത ശേഖറിന് സംസ്ഥാന ധനമന്ത്രി കെ .എൻ .ബാലഗോപാൽ കൈമാറുന്നു .

## Pic -5

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ലക്കി ബിൽ ആപ്പിന്റെ ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ സമ്മാനമായ 25 ലക്ഷം രൂപയുടെ നറുക്കെടുപ്പിന്റെ തീയതി സംസ്ഥാന ധനമന്ത്രി കെ .എൻ . ബാലഗോപാൽ പ്രഖ്യാപിക്കുന്നു .